'പടവുകൾ' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിലുണ്ടായ കാലതാമസം

*26 [381] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് വേണ്ടി വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച 'പടവുകൾ' എന്ന പുസ്തകത്തിന്റെ എത്ര കോപ്പികളാണ് വിതരണത്തിന് വേണ്ടി തയ്യാറാക്കിയിരുന്നത്;

(ബി) ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഈ പുസ്തകം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പുസ്തകം പ്രസിദ്ധീകരിച്ചതിൽ ഉണ്ടായ കാലതാമസം കാരണം ഇതിന്റെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) പടവുകൾ എന്ന പുസ്തകത്തിന്റെ 7000 കോപ്പികളാണ് തയ്യാറാക്കിയിരുന്നത്. മലയാളം - 4000, ഇംഗ്ലീഷ് - 3000

(ബി) ക്ലാസ്സ്റൂം പഠനം മെച്ചപ്പെടുത്തുന്നതിനും ബോധനം പ്രവർത്തനാധിഷ്ഠിതമാക്കുന്നതിനുമായി തയ്യാറാക്കിയ ചോദ്യമാതൃകകൾ അടങ്ങിയ 'പടവുകൾ' അദ്ധ്യാപകർക്കുള്ള ബോധന സഹായിയാണ്, വിദ്യാർത്ഥികളുടെ ഉപയോഗത്തിനു വേണ്ടിയുള്ളതല്ല.

(സി) പുതിയ പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് സഹായിയായാണ് 'പടവുകൾ' തയ്യാറാക്കിയിട്ടുള്ളത്. ഫെബ്രുവരി മാസത്തിൽ പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന പുസ്തകം ആ മാസം ആദ്യവാരംതന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ

*27 [382] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ആവശ്യമായത്ര ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ബി) പഴക്കം ചെന്ന ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ പുതുക്കിപ്പണിയുവാൻ നടപടി കൈക്കൊള്ളുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ/ഫ്ളാറ്റുകൾ എന്നിവ ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി & സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകി പുതുക്കിപ്പണിയുവാനുള്ള നടപടികളും ചുറ്റുമതിൽ ഇല്ലാത്ത ക്വാർട്ടേഴ്സ് സമുച്ചയങ്ങൾക്ക് ചുറ്റുമതിലുകൾ പണിയുവാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദുർബല വിഭാഗങ്ങൾക്കായി ഭവന പദ്ധതികൾ

1 [2137] ശ്രീ. ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗങ്ങൾക്കായി ഭവന പദ്ധതികൾക്കുള്ള വായ്പ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ഏജൻസിയും മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും വായ്പ തുകയും എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത വായ്പ തുകകളുടെ തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കൃത്യമായ കണക്ക് ലഭ്യമാക്കാമോ;

(ഡി) ആയതിന് ഒറ്റത്തവണ തീർപ്പാക്കൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഭവന നിർമ്മാണ ബോർഡിനുവേണ്ടി ലഭിച്ചിട്ടുള്ള തിരിച്ചടവ് തുക ബോർഡിന് ലഭിച്ചിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഹഡ്കോയിൽ നിന്നും ലഭിച്ചതും, ജില്ലാ കളക്ടർമാർക്ക് വിവിധ ഭവന പദ്ധതികൾക്കായി അനുവദിച്ചതും, ചെലവാകാതെ ബാക്കി നിൽക്കുന്നതുമായ തുക, ഹൗസിംഗ് ബോർഡിന് തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly